# തബ്ലീഗ് ജമാഅത്ത്: ഒരു മുഖവുര

അൻവർ അബൂബക്കർ

തബ്ലീഗ് ജമാഅത്ത് എന്ന സംഘടന ഇന്ന് ഒരു പരിചയപ്പെടുത്തലിൻെറ ആവശ്യമില്ലത്തവിധം ജനങ്ങൾക്കിടയിൽ സുപരിചിതമാണ്. ഇന്ത്യയിലെ സഹാറൻഫൂർ പ്രദേശത്തിലുള്ള കാന്തഅ്ലാഹ് എന്ന ഗ്രാമത്തിൽ ജനിച്ച (19ാം നൂറ്റാണ്ടിൻെറ ഒടുക്കത്തിൽ) ശൈഖ് മുഹമ്മദ് ഇല്യാസ് അൽകാന്തലവിയാണ് ഈ സംഘത്തിൻെറ സ്ഥാപകൻ. ദൽഹിയിലെ ദയൂബന്ത് മദ്രസയിൽ നിന്നാണ് അദ്ദേഹം തൻെറ വിദ്യാഭ്യാസം പൂർത്തിയാക്കിയത്, ഇസ്ലാം ദീനിനെ പഠിക്കാൻ അദ്ദേഹം സ്വീകരിച്ച സ്രോതസും അതേ പാഠശാല തന്നെ. പക്ഷെ, അവിടത്തെ പാഠ്യക്രമങ്ങൾ ഇസ്ലാമിക അധ്യാപനങ്ങൾക്ക് അത്യധികം അപകടകരമുള്ള തായിരുന്നു. ആ അപകടത്തിൻെറ വ്യാപ്തി തിരിച്ചറിയാൻ അവരിലെ പണ്ഡി തരിൽ പ്രധാനിയായ മുഹദ്ദിസ് ഹസ്രത്ത് മൗലാനാ ഖലീൽ അംദേക്കർ അവരുടെ ദീൻവിഷയത്തിലുള്ള നിലപാട് പ്രഖ്യാപിച്ചത് മാത്രം വായിച്ചാൽ മതിയാകും. അത് ഇപ്രകാരമാണ്:

“ഞങ്ങൾ കർമപരമായി ഇമാമുൽ അഅ്ളം അബൂഹനീഫ(റ)യെ തഖ്ലീദ് ചെയ്തവരും, വിശ്വാസപരമായി ഇമാം അബൂഹസനുൽ അശ്അരി, ഇമാം അബൂമൻസൂറുൽ മാതുരിദി എന്നിവരെ പിന്തുടർന്നവരും, തസവ്വുഫിൻെറ വഴി കളിൽ, സൂഫിസത്തിൻെറ വഴികളിൽ, ത്വരീഖത്തിൻെറ വഴികളിൽ, നഖ്ശബന്തിയ, ഖാദിരിയ, ത്വയൂബരന്തിയ, ഛരിഷ്തിയ എന്നീ ത്വരീഖത്തുകൾ സ്വീകരിച്ചവരും ആകുന്നു”[1]

ഇവരിൽ നിന്നും അറിവ് സ്വീകരിച്ചുകൊണ്ടാണ് തബ്ലീഗ് ജമാഅത്തിൻെറ സ്ഥാപകൻ ഒരു സംഘത്തിന് നേതൃത്വം നല്കിയത്!!!. അതിനുശേഷം, സംഘട നാതലത്തിൽ അവരിലെ അംഗങ്ങൾക്ക് മതവിഷയങ്ങളിൽ അവരുടേതായ കാര്യക്രമങ്ങളും, അത് നടപ്പിലാക്കുന്നതിൻെറ രീതിശാസ്ത്രവും തീരുമാനിച്ചു. അവയെല്ലാം കൈമുതലാക്കി പള്ളികളിൽ നിന്നും പള്ളികളിലേക്ക് നിശ്ചിതമായ ദി

[1] ടി.പി. മുഹമ്മദ് ഇസ്ഹാഖ് മൗലവി അൽഖാസിമി കാഞ്ഞാർ, ‘ദയൂബന്ദെ ഉലമാക്കളും തബ്ലീഗ് ജമാഅത്തും’

വസത്തേക്ക് 'തബ്‌ലീഗി'നു വേണ്ടി അവർ ഇറങ്ങിതിരിക്കുന്നു (ഗശ്ത് എന്നാണതിന് അവർ ഉപയോഗിക്കുന്ന സാങ്കേതികശബ്ദം). ഇതെല്ലാം ബാഹ്യമായി നോക്കി കാണുമ്പോൾ ദീനിതത്പരരായ ധാരാളം ആളുകൾ അവരുടെ രൂപരേഖയിൽ ആകൃഷ്ടരാവുകയും അവർ അറിയാതെ തന്നെ അതിന്റെ കെണിയിൽ പെടുകയും ചെയ്യുന്നതാണ് പതിവായി കണ്ടു വരുന്നത്. അതിലകപ്പെട്ട സഹോദരങ്ങളുടെ ഉത്സാഹാവസ്ഥയുടെ കേന്ദ്രബിന്ദു ഫളാഇലേ അഅ്മാൽ (തബ്‌ലീഗി നിസാബ് എന്നും പറയാറുണ്ട്) എന്ന ഗ്രന്ഥത്തിൽ നിന്നും നേടിയെടുത്ത അറിവാണ്. സംഘമായുള്ള അതിന്റെ വായനയിലേക്കും തുടർന്നങ്ങോട്ടുള്ള പ്രവർത്തനങ്ങളിലേക്കും ആളുകളെ ക്ഷണിക്കുന്ന അവർ സാധാരണയായി ചെയ്യാറ് ആരാധനാപരമായ വ്യത്യസ്ഥ കർമ്മങ്ങളുടെ മഹത്വങ്ങൾ ഉയർത്തികാട്ടുകയാണ്. അതുവഴി പൊതുവിൽ എല്ലാവരും അംഗീകരിക്കുന്ന തർക്കമില്ലാത്ത വിഷയങ്ങൾ ജനങ്ങൾക്കിടയിൽ പ്രോത്സാഹിപ്പിക്കാൻ കഴിയും എന്നവർ വിശ്വസിക്കുന്നു.  അതായത് തിൻമകൾക്കെതിരെ കണ്ണടച്ചുകൊണ്ടുള്ള ഒരു 'തബ്‌ലീഗ്'!

തബ്‌ലീഗ് ജമാഅത്ത് അവകാശപ്പെടാറുള്ള മറ്റൊരു കാര്യമാണ് അവർക്ക് ഇതര ഇസ്‌ലാമിക സംഘടനകളുമായി യാതൊരു ബന്ധവുമില്ല എന്നത്, എന്നാൽ, വസ്തുത അങ്ങനെയല്ല. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ രൂപംകൊണ്ട സൂഫീത്വരീഖത്തിന്റെ ശ്രേണിയിൽ സഞ്ചരിക്കുന്ന ദയൂബന്തി വിഭാഗക്കാരുടെ ആശ്രിതരാണ് ഇവർ. ദയൂബന്തികളുടെ അതിരുകവിഞ്ഞ പല സൂഫീവിശ്വാസങ്ങളും തബ്‌ലീഗ് ജമാഅത്തിന്റെ അനുഷ്ടാനങ്ങളിലും പ്രബോധനത്തിലും ഏറെ പ്രകടമാണ്.

തബ്‌ലീഗ് ജമാഅത്തിന്റെ അടിസ്ഥാന പ്രവർത്തനങ്ങളിൽ ആറാമതായി എടുത്തുപറഞ്ഞ കാര്യമാണല്ലോ പ്രബോധന കർത്തവ്യത്തിനായി ലക്ഷ്യം വെച്ചു കൊണ്ടുള്ള യാത്ര. അതിനവർ കൊടുക്കുന്ന അമിതപ്രാധാന്യം പ്രശംസാവഹമാണെങ്കിലും സച്ചരിതരായ പൂർവ്വികരുടെ (സലഫുകളുടെ) പാതയിലൂടെയല്ല അവരത് നിർവ്വഹിക്കുന്നത് എന്നത് വിമർശിക്കാതെ തരമില്ല. അനുയായികൾക്ക് വേണ്ട ശിക്ഷണം നല്കാൻ നിയമിക്കപ്പെട്ട 'അമീർ' അല്ലാഹുവിന്റെ ഖുർആനും അതിന്റെ വിശദീകരണമായ സുന്നത്തും യഥാവിധി ഉപയോഗിക്കുന്നതിൽ വേണ്ടത്ര ജാഗ്രത കാണിക്കാറില്ല. മറിച്ച് ഉത്തരവാദിത്തപെട്ടവരിൽനിന്നും കൂടുതലും മുഴങ്ങി കേൾക്കുക വ്യത്യസ്ഥ കഥകളും അനുഭവങ്ങളും അവരിലെ ശൈഖുമാരുടെ 'മൊഴിമുത്തു'കളുമായിരിക്കും. അതെല്ലാമാകട്ടെ ഒരുപക്ഷെ ഇസ്‌ലാമിന്റെ അടി

സ്ഥാനപരമായ വിശ്വാസ കാര്യങ്ങളുടെ കടക്ക് കത്തിവെക്കുന്നതുമായിരിക്കും. പ്രാമാണികമല്ലാത്ത ഇത്തരം വിഷയങ്ങൾ ആധാരമാക്കുകവഴി അമീറും സഹ പ്രവർത്തകരും പ്രചരിപ്പിക്കുന്നത് ഒട്ടനവധി അനിസ്ലാമിക കാഴ്ചപാടുക ളാണ്. ഏതായാലും തബ്ലീഗ് ജമാഅത്ത് സമൂഹത്തിൽ വിതക്കുന്ന അപകട ങ്ങൾ എടുത്തുപറയേണ്ട ആവശ്യം അനിവാര്യമായിരിക്കുകയാണ്. കാരണം ഒട്ടനവധി സഹൃദയരായ ആളുകൾ അതിൻെറ ബാഹ്യമായ 'തിളക്കം' കണ്ട് വഞ്ചിതരായിപ്പോയിട്ടുണ്ട്.

സദാചാരത്തിൻെറയും അനുസരണത്തിൻെറയും പുറംചട്ടയിൽ നിന്നുകൊണ്ട് ഇസ്ലാമിൽ നിന്നും ബഹുദൂരം വഴിമാറിപ്പോയ സൂഫിസത്തിൻെറ അന്തർഭാഗം തബ്ലീഗ് ജമാഅത്തിൻെറ ആദർശത്തിൽ കാണാൻ കഴിയും. അല്ലാഹുവിൻെറ ദീൻ യഥാവിധി പ്രബോധനം നിർവ്വഹിക്കുന്നവർ വലിയ ആശങ്കയോടെയാണ് ഇത് നോക്കികാണുന്നത്. കാരണം, അനാചാരങ്ങൾ വളരുന്നത് ഇത്തിക്കണ്ണി കൾക്ക് സമാനമായാണ്. അത് തടുക്കുവാൻ ഏറെ പ്രയത്നിക്കേണ്ടിവരും എന്ന ആശങ്ക മാത്രം.

തബ്ലീഗുകർ വളരെ വ്യാപകമായി പ്രചരിപ്പിക്കുന്നത് ഫളാഇലേ അഅ്മാൽ എന്ന ഗ്രന്ഥമാണ്. അവരുടെ എല്ലാ ജമാഅത്തുകളിലും ഈ ഒരൊറ്റഗ്രന്ഥത്തിന് അമിതമായ പ്രാധാന്യമാണ് ഉള്ളത്. വിശ്വസനീയമായ ഒരൊറ്റ തഫ്സീറോ, ഹദീസ് ഗ്രന്ഥങ്ങളോ ഖുർആൻ പഠനത്തിനുവേണ്ടി അവർ അത്തരം വേദികളിൽ ഉപയോഗിക്കുന്നില്ല എന്നത് ഖേദകരം തന്നെ. അറബിയിലേക്ക് ഫളാഇലേ അഅ്മാൽ വിവർത്തനം ചെയ്യപ്പെട്ടിട്ടില്ല എന്ന കാരണത്താൽ അറബ് ലോകങ്ങളി ൽ തബ്ലീഗുകാർ രിയാളുസ്സ്വാലിഹീൻ എന്ന ഗ്രന്ഥമാണ് വായനക്കായി ഉപയോഗിക്കുന്നത്. അനറബി രാഷ്ട്രങ്ങളിലുള്ള തബ്ലീഗുകാർക്ക് രിയാളു സ്സ്വാലിഹീൻ അപരിചിതവും! മുസ്ലിം സമുദായത്തിൻെറ നവീകരണത്തിന് ഏറ്റവും ഉചിതം ഫളാഇലേ അഅ്മാൽ എന്ന ഗ്രന്ഥമാണെന്ന് അവർ അവകാശ പ്പെടുന്നു. ഇതര പുസ്തകങ്ങളെ അപേക്ഷിച്ച് ലളിതമായ സമീപനമാണത്രെ അതിനുള്ളത്. എന്നിട്ടും, ഒരു പുരുഷായുസ്സ് മുഴുവനും ഇവരുടെ ജമാഅത്തി ൽ പങ്കെടുത്താലും ഇസ്ലാമിൻെറ അടിസ്ഥാന വിശ്വാസങ്ങൾ സ്വായക്തമാക്കാനോ, വിശിഷ്യാ തൗഹീദിൻെറ മാധുര്യം അനുഭവിക്കുവാനോ ഇവർക്കു സാധ്യമല്ല. കാരണം ഖുർആനിനും ഹദീസിനും വിരുദ്ധമായ ഒട്ടനവധി കാര്യങ്ങളാണ് ഫളാഇലീ കൃതികൾ പഠിപ്പിക്കുന്നത്. പ്രസ്തുത പുസ്തകത്തിന്

അമിതമായ പ്രാധാന്യം കല്പിക്കുന്നവർ താഴെയുള്ള വിവരം ഗൗനിക്കുന്നത് നന്ന്:

عبد الله بن عمرو رضي الله عنهما فيما رواه عنه عمرو بن قيس السكوني قال : خرجت مع أبي في الوفد إلى معاوية فسمعت رجلا يحدث الناس يقول : إن من أشراط الساعة أن ترفع الأشرار وتوضع الأخيار وأن يخزن الفعل والعمل ويظهر القول وأن يقرأ الناس بالمثناة في القوم ليس فيهم من يغيرها أو ينكرها فقيل : وما المثناة ؟ قال : ما اكتتب سوى كتاب الله عز وجل.

അംറ് ഇബ്നു അസ്സകൂനി പറഞ്ഞു: "ഞാൻ എന്റെ പിതാവിനോടൊപ്പം ഒരു ദൗത്യസംഘത്തിൽ മുആവിയയുടെ അടുക്കലേക്ക് പോയി. അപ്പോൾ ഒരാൾ (അബ്ദുല്ല ഇബ്നു അംറ്) ജനങ്ങളോട് ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു, "അന്ത്യനാളിന്റെ അടയാളങ്ങളിൽ പെട്ടതാണ്: നീചർ ഉയർത്തപ്പെടുകയും സച്ചരിതർ തടയപ്പെടുകയും ചെയ്യും കർമങ്ങളും കൂറും നിഗൂഢമാകുകയും, വാക്കുകൾ വെളിവാക്കപ്പെടുകയും ചെയ്യും; ജനങ്ങൾക്കായി 'മഥ്നാത്' വായിക്കപ്പെടും. ആരും തന്നെ അത് തടയുകയോ അതിനെ മാറ്റാൻ ശ്രമിക്കുകയോ ഇല്ല." ചോദിക്കപ്പെട്ടു, "എന്താണ് 'മഥ്നാത്'?" അദ്ദേഹം പറഞ്ഞു, "അല്ലാഹുവിന്റെ കിതാബിന് പുറമെ എഴുതപ്പെട്ടത്."[2]

തബ്ലീഗ് ജമാഅത്തിനെകുറിച്ച് സംസാരിക്കുമ്പോൾ നമുക്ക് അവരിൽ കണ്ടു വരുന്ന ചെറിയ പിശകുകളല്ല പ്രധാനമായി ഉണർത്താനുള്ളത്, മറിച്ച് വിശ്വാസപരവും (അഖീദ) പ്രവാചക സുന്നത്തിനെ പിൻതുടരുന്നതിലുള്ള (ഇത്തിബാഅ്) കണിശതയില്ലായ്മയുമാണ് വിമർശനത്തിൽ ഗൗരവമർഹിക്കുന്നത്. നിങ്ങൾ ചിന്തിച്ചു നോക്കൂ, ദിയോബന്തിയുടെ ഇസ്ലാമിക വിശ്വാസങ്ങളിൽ ഒരുപാട് വൈരുദ്ധ്യങ്ങളുണ്ട് എന്നതു തന്നെ ദീൻ വിഷയത്തിൽ അവരുടെ നിലപാട് അസത്യത്തിലാണെന്നത് ശരിവെക്കുന്നു എന്നതല്ലെ വാസ്തവം. കാരണം അല്ലാഹുവിന്റെ ദീൻ പരിശുദ്ധവും വൈരുദ്ധ്യത്തിൽ നിന്നും മുക്തവുമാണ്. അല്ലാഹു പറഞ്ഞു:

أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ ۚ وَلَوْ كَانَ مِنْ عِندِ غَيْرِ ٱللَّهِ لَوَجَدُوا۟ فِيهِ ٱخْتِلَٰفًا كَثِيرًا

[2] ഹാകിം

"അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു"[3]

അല്ലാഹുവിൻെറ പ്രവാചകൻ (സ) പറഞ്ഞു:

قد تركتكم على البيضاء ليلها كنهارها لا يزيغ عنها بعدي إلا هالك فإنه من يعش منكم فسيرى اختلافا كثيرا فعليكم بسنتي وسنة الخلفاء الراشدين المهديين فتمسكوا بها ...

"ഞാൻ നിങ്ങൾക്കിതാ വെളുത്ത വഴി വിട്ടേച്ചു പോകുന്നു. അതിൻെറ രാത്രി പകൽ പോലെയാണ് (വ്യക്തമാണ്). എനിക്ക് ശേഷം അത് വിട്ടേച്ചു പോകുന്നവൻ നശിച്ചതു തന്നെ. തീർച്ചയായും എനിക്ക് ശേഷം നിങ്ങളിൽ ആര് ജീവിച്ചിരിക്കുന്നുവോ, അവർക്ക് നിരവധി ഭിന്നതകൾ കാണാവുന്നതാണ്. അപ്പോൾ നിങ്ങൾ എൻെറ സുന്നത്തും ഖുലഫാഉറാശിദുകളുടെ സുന്നത്തും പിൻപറ്റുക. അവ നിങ്ങൾ മുറുകെപിടിക്കുക..."[4]

ഉപരിസൂചിത തെളിവുകളിൽ നിന്നും ഖണ്ഡിതമായ കാര്യമാണ് അല്ലാഹുവിൻെറ മതത്തിൽ വിപരീതമായ പ്രസ്താവനകളോ ആക്ഷേപത്തിനർഹമായ കാര്യങ്ങളോ ഉണ്ടാകില്ല എന്നത്. അതുപോലെത്തന്നെ അതിൻെറ വഴികൾ തീർത്തും തെളിഞ്ഞതും കുറ്റമറ്റതും ഏതു സാധാരണക്കാർക്കും എപ്പോഴും സ്വീകാര്യപ്രദവുമായിരിക്കും. എന്നാൽ, തബ്ലീഗ് ജമാഅത്ത് പരിചയപ്പെടുത്തുന്ന മതം ഇതിനെല്ലാം വിപരീതമായ ദിശയിലൂടെയാണ് സഞ്ചരിക്കുന്നത്. അവരുടെ കൃതികളും പ്രവർത്തനങ്ങളും ഇസ്ലാമിക പ്രമാണങ്ങളുടെ മുമ്പിൽ മാറ്റുരച്ചാൽ അക്കാര്യം ബോധ്യപ്പെടും, തീർച്ച.

(ആശയ സ്രോതസ്: സാജിദ് അബ്ദുൽഖയ്യൂമിൻെറ 'ദി ജമാഅത്ത് തബ്ലീഗ് ആൻറ് ദി ദിയോബന്തിസ് എ ക്രിട്ടിക്കൽ അനാലിസിസ്...')

[3] നിസാഅ് 82

[4] അഹ്മദ്, ഇബ്നു മാജ, ഹാകിം, ബൈഹഖി